# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 607** 02.04.2018-ൽ മറുപടിക്ക്

വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,, അനൂപ് ജേക്കബ് : | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി പ്രസരണ-വിതരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായാണ് കെ.എസ്.ഇ.ബി.എൽ ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ പ്രസരണനഷ്ടം 107MW കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി 521.73 മില്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുന്നതാണ്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി നിലവിലുള്ള 110 കെ.വി സബ്സ്റ്റേഷനുകൾ 220 കെ.വി ആയി ഉയർത്തുകയും പുതിയ 400, 220 കെ.വി സബ്സ്റ്റേഷനുകളുടെയും പുതിയ 400/220/110 കെ.വി ലൈനുകളുടെയും നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. രണ്ടുഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി സബ്സ്റ്റേഷനുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു.<br>വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ നടത്തി വരുന്നു.<br>(1) 11 കെ.വി ലൈൻ നിർമ്മാണം.<br>(2) ക്ഷമത കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.<br>(3) സിംഗിൾ ഫേസ് ലൈനുകളെ ത്രീഫേസ് ലൈനുകൾ ആക്കുക.<br>(4) 11 കെ.വി ലൈനുകളുടെയും എൽ.റ്റി ലൈനുകളുടെയും ചാലകങ്ങൾ മാറ്റി പ്രതിരോധം കുറഞ്ഞ ചാലകങ്ങൾ സ്ഥാപിക്കുക.<br>(5) കേടായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുക. |
| (ബി) | ഏതൊക്കെ പദ്ധതികളെയാണ് ഇതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അവയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ; | (ബി) | ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആകെ 14 പാക്കേജുകളായാണ് വർക്കുകൾ വിന്യസിച്ചിട്ടുള്ളത്. ഇതിൽ ഒരു പാക്കേജിന്റെ (മലപ്പുറം – മഞ്ചേരി 110 കെ.വി ലൈനായി ശേഷി ഉയർത്തുന്ന വർക്ക്) പണി പൂർത്തിയായിട്ടുണ്ട്. വടക്കൻ |

| | | | |
|---|---|---|---|
| | | | മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന വർക്കുകൾ ഉൾപ്പെടുന്ന രണ്ടു പാക്കേജുകളും (ഏറനാട് എച്ച്. ടി. എൽ. എസ് പാക്കേജ്) പണി പുരോഗമിക്കുന്നു. മധ്യകേരളത്തിലെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള കൊച്ചി ലൈൻ പാക്കേജിന്റെ വർക്കും പുരോഗമിക്കുന്നു. മഞ്ചേരി, ചാലക്കുടി, ചിത്തിരപുരം, കോതമംഗലം എന്നീ സ്ഥലങ്ങളിൽ 220 കെ.വി സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഉൾപ്പെടുന്ന പാക്കേജിന്റെ വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലാണ്. ആലുവ, കലൂർ, കുന്നമംഗലം എന്നീ സ്ഥലങ്ങളിലെ 220 കെ.വി സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഉൾപ്പെടുന്ന പാക്കേജിന് വേണ്ടിയുള്ള ദർഘാസ് വിളിക്കുകയുണ്ടായി. 4 ലൈൻ പാക്കേജുകൾ ടെൻഡർ ചെയ്യുന്നതിനായി REC-PDCL, ACC Consulting Limited എന്നീ കേന്ദ്ര ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളിലൂടെ 2017-18 സാമ്പത്തിക വർഷം ഉണ്ടാക്കിയ നേട്ടം എത്രയാണ്; ഈ മേഖലയിൽ ലക്ഷ്യമിട്ടിട്ടുള്ള നേട്ടം എത്രയാണെന്നും എന്നത്തേക്ക് ഇത് ആർജ്ജിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുന്നത് ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ, ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0-ന്റെ പൂർത്തീകരണത്തോടെ (2020-ഓടു കൂടി) പ്രസരണ നഷ്ടം നിലവിലെ 4.59%-ത്തിൽ നിന്നും 3%-ത്തിൽ താഴെ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് എടുത്ത നടപടികളിലൂടെ 2017-18 വർഷം ഉണ്ടാക്കിയ നേട്ടം കണക്കാക്കി വരുന്നതേയുള്ളൂ. 2018 മെയ് ഒടുവിലാണ് ഈ കണക്കുകൾ പൂർണ്ണമായും ലഭ്യമാവുക. 2016-17-ലെ കെ.എസ്.ഇ.ബി-യുടെ പ്രസരണ നഷ്ടം 13.93% ആയിരുന്നു. 2017-18 വർഷത്തിൽ ഇത് 13.65% ആയി കുറയ്ക്കുവാനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. 874 കിലോമീറ്റർ എക്സ്ട്രാ ഹൈടെൻഷൻ ലൈനുകളും, 8 സബ്സ്റ്റേഷനുകളും, 2725 കി.മീ 11 കെ.വി ലൈനുകളും 2508 വിതരണ ട്രാൻസ്ഫോർമറുകളും 2954 പുതിയ എൽ.ടി ലൈനുകളും സ്ഥാപിക്കുവാനും 14 ലക്ഷം വരുന്ന കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട് മേൽ നടപടികൾ വഴിയാണ് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാൻ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ